# കേരളാ വനം വികസന കോർപ്പറേഷൻ ലിമിറ്റഡ്
## (കേരള സർക്കാർ സ്ഥാപനം)

ഡിവിഷണൽ മാനേജരുടെ കാര്യാലയം
മാട്ടുപ്പെട്ടി റോഡ്, മൂന്നാർ-685 612

മിദുൽ.ഒ.എം
ഡിവിഷണൽ മാനേജർ.

e mail: kfdcmunnar@gmail.com
ഫോൺ: 04865 230332
CIN No. :UO2001KL1975SGC002660

DM/MNR/ C.V/1578/2024 Date 12.08.2025

കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡ്, മൂന്നാർ ഡിവിഷനിലുള്ള 2010 മോഡൽ മഹീന്ദ്ര ബൊലേറോ (ജീപ്പ്-4WD) **21.08.2025** തീയതിയിൽ രാവിലെ 11.30 AM ന് കേരള വനം വികസന കോർപ്പറേഷൻ, മൂന്നാർ ഡിവിഷനാഫീസിൽ വച്ച് ടെണ്ടർ /ലേലം നടത്തി വിൽക്കുന്നതാണ്. അന്നേ ദിവസം ലേലം നടക്കാതെ വന്നാൽ **27.08.2025, 02.09.2025** തീയതികളിൽ നടത്തുന്നതാണ്. ടി പരസ്യ ലേലത്തിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതും കൂടുതൽ തുക ലേലം കൊള്ളുന്ന/ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതുമായിരിക്കും. ലേലത്തിനാവശ്യമായ തുകകൾ പണമായോ ഡിഡി ആയോ ബാങ്ക് മുഖേനയോ കെ എഫ് ഡി സി, മൂന്നാർ ഡിവിഷന്റെ പേരിലുള്ള **41881388390 (SBI കോട്ടയം മെയിൻ ബ്രാഞ്ച്, IFSC: SBIN0070102)** എന്ന അക്കൗണ്ടിലേക്കോ ലേലം ആരംഭിക്കുന്നതിനു മുൻപായി കെട്ടി വയ്ക്കേണ്ടതാണ്.. ടെണ്ടർ സമർപ്പിക്കുന്നവർ നിരതദ്രവ്യം ഉൾപ്പെടെ ലേല ദിവസം 11 മണിക്ക് മുൻപായി നേരിട്ട് സമർപ്പിക്കേണ്ടതാണ്.ലേലം പൂർത്തിയായാലുടൻ ടെണ്ടർ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ച/ ലേലം വിളിച്ച ആളുടെ പേർക്ക് ടെണ്ടർ/ ലേലം ഉറപ്പിക്കുന്നതുമാണ്. വാഹനത്തിന്റെ വിശദ വിവരം താഴെ നൽകുന്നു.

| വാഹനം | നിർമ്മിത വർഷം | അടിസ്ഥാന ലേല വില | നിരതദ്രവ്യം (Rs.) |
|---|---|---|---|
| മഹീന്ദ്ര ബൊലേറോ (ജീപ്പ്)-4WD | 2010 | 1,30,000/-+18% GST | 1500/- |

## ലേല/ടെണ്ടർ വ്യവസ്ഥകൾ

1. 21.08.2025 രാവിലെ 11.30 AM ടെണ്ടർ/ലേലം നടത്തുന്നതാണ്.
2. ടെണ്ടർ/ലേലത്തിന് മുൻപായി വാഹനം(ലേല വസ്തു) കണ്ടു പരിശോധിച്ചു അതിന്റെ അവസ്ഥ ബോധ്യപ്പെടേണ്ടതാണ്. വാഹനത്തിന്റെ അവസ്ഥയെ സംബന്ധിച്ച് ലേലം ഉറപ്പിച്ചതിന് ശേഷമുള്ള വാദങ്ങൾ പരിഗണനീയമല്ല.
3. ടെണ്ടർ ലേല തീയതി രാവിലെ 11.മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.
4. ടെണ്ടർ സമർപ്പിച്ച വ്യക്തി ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായിരിക്കേണ്ടതാണ്. ഏറ്റവും ഉയർന്ന വില പരാമർശിക്കുന്ന ആൾക്ക് ആയിരിക്കും ലേലം ഉറപ്പിച്ചു നൽകുന്നത്.
5. ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരെല്ലാം തന്നെ ലേലത്തിനു മുൻപായി നിരതദ്രവ്യം കെ എഫ് ഡി സി യിൽ ഒടുക്കേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. ക്വട്ടേഷനും പരിഗണിക്കുന്നതല്ല.
6. ടെണ്ടർ/ലേലത്തിന് ശേഷം വാഹനം ടെണ്ടർ/ലേലത്തിൽ പിടിച്ചയാൾ മൊത്തം ലേലത്തുകയുടെ മൂന്നിലൊന്നു തുക അന്നു തന്നെ കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്.
7. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പു കിട്ടി 7 ദിവസത്തിനുള്ളിൽ ബാക്കി ലേലത്തുകയും ബാധകമായ എല്ലാ നികുതികളും കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്.
8. നിശ്ചിത തിയതിക്കകം ലേലത്തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം കൊണ്ടയാൾ കോർപ്പറേഷനിൽ ഒടുക്കിയിട്ടുള്ള തുക മുഴുവനും കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും പിന്നീട് പ്രസ്തുത ലേലം റദ്ദ് ചെയ്തതായി പരിഗണിച്ചു ടി വാഹനം മുൻ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്തു വിൽക്കുന്നതുമായിരിക്കും.
9. വാഹനം ലേലത്തിൽ വാങ്ങുന്നയാൾ ബന്ധപ്പെട്ട ആർ ടി ഓ അധികാരികളെ സമീപിച്ചു സ്വന്തം ചിലവിൽ വാഹനത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിലേക്ക് 15 ദിവസിത്തിനകം വാങ്ങേണ്ടതാണ്.അതിനുശേഷം മാത്രമേ വാഹനം കൈമാറി തരികയുള്ളു.
10. വാഹനം ലേലം കൊണ്ടയാൾ വാഹനം ഉപയോഗിക്കുന്നതിനു മുൻപായി നികുതികൾ ഇൻഷൂറൻസ് മറ്റ് അനുബന്ധ രേഖകൾ എന്നിവ സാധുവാണ് എന്നുള്ള വിവരം ഉറപ്പാക്കേണ്ടതാണ്.

11. കാരണം കാണിക്കാതെ ഏതൊരു വ്യക്തിയുടെയോ/സ്ഥാപനത്തിന്റെയോ ടെണ്ടർ/ലേലം നിരസിക്കുന്നതിനുള്ള അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും
12. സർക്കാരിന്റെ എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും
13. ലേലത്തിന് മുൻപായി തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതാണ്.
14. ടെണ്ടർ/ലേലം സംബന്ധമായ തുകകൾ പണമായോ ഡിഡി ആയോ ബാങ്ക് മുഖേനയോ കെ എഫ് ഡി സി, മൂന്നാർ ഡിവിഷന്റെ പേരിലുള്ള **41881388390 (SBI കോട്ടയം മെയിൻ ബ്രാഞ്ച്, IFSC: SBIN0070102)** എന്ന അക്കൗണ്ടിലേക്കോ ഒടുക്കേണ്ടതാണ്.
15. ടെണ്ടർ/ലേലം സംബന്ധമായ വിവരങ്ങൾ ഈ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് (രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ) ലഭ്യമാകുന്നതാണ്.. കൂടുതൽ വിവരങ്ങൾക്ക് **www.kfdc.kerala.gov.in** വെബ്സൈറ്റ് സന്ദർശിക്കുക.

    ഫോൺ നമ്പർ **8289821400, 8289821402**

വിശ്വസ്തതയോടെ

**ഡിവിഷണൽ മാനേജർ**
**മൂന്നാർ ഡിവിഷൻ**